>> കവർസ്റ്റോറി

● മുഹമ്മദ് ശമീം

**ജനജീവിതത്തിന്റെ പരമാധികാരം കൈപ്പിടിയിലൊതുക്കുന്ന സ്വേഛാധിപതികളും അന്യായമായി വിഭവങ്ങൾ കൈയടക്കുന്ന പ്രഭുക്കന്മാരും മനുഷ്യരെ അടിമകളാക്കുകയും മാനുഷികമായ മൂല്യങ്ങളെയും അടിച്ചമർത്തപ്പെട്ടവരുടെ ചോദനകളെയും ചങ്ങലക്കിടുകയും ചെയ്യുന്ന ഉടമകളും ഇവർക്കെല്ലാം അരു നിന്ന് ധർമത്തിനും നീതിക്കുമായുള്ള ജനപോരാട്ടം അസാധ്യമാകുംവിധം ജനതയെ അനുഷ്ഠാനങ്ങളുടെയും മാമൂലുകളുടെയും യാന്ത്രിക വിധിവിശ്വാസത്തിന്റെയും ജാതി വർണ സമ്പ്രദായങ്ങളുടെയും തടവിലാക്കി ഷണ്ഡീകരിക്കുന്ന മത പൗരോഹിത്യവുമെല്ലാം ഏറ്റുമുട്ടലിൽ ഭൗതികതയുടെ പക്ഷത്തുനിൽക്കുന്നു**

# അധിനിവേശം, സാമ്രാജ്യത്വം... ഇസ്‌ലാമിക പ്രസ്ഥാനം

**ആധുനിക** സാമ്രാജ്യത്വത്തിന്റെ മൂലകമായി വർത്തിക്കുന്ന മുതലാളിത്തത്തിന്റെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ശരിയായ കാരണങ്ങൾ വേദഗ്രന്ഥത്തിന്റെ പരികൽപ്പനകൾ വെച്ചുകൊണ്ടാണ് കൃത്യമായി നിർണയിക്കാനാവുക. മനുഷ്യന്റെ ശരീര, ബോധ തലങ്ങളെപ്പറ്റി (ബുദ്ധ ധർമത്തിന്റെ ഭാഷയിൽ രൂപ, നാമകാണ്ഡങ്ങൾ) വിവരിക്കുന്ന ഖുർആൻ ശരീരത്തിന്റെയെന്നപോലെ ബോധത്തിന്റെയും (ആത്മാവിന്റെയും മനസ്സിന്റെയും) ചോദനകളെ ശരിയായി തിരിച്ചറിയുകയോ പരിഗണിക്കുകയോ ചെയ്യാത്തേടത്താണ് മനുഷ്യൻ യഥാർഥവും മൂല്യവത്തുമായ ജീവിത നിലപാടുകളിൽ നിന്ന് വ്യതിചലിച്ചുപോകുന്നത് എന്നാണ് പഠിപ്പിക്കുന്നത്. ഇങ്ങനെ വ്യതിചലിച്ചുപോകുന്ന മനുഷ്യൻ പിന്നീട് ആസക്തിയുടെയും ഭൗതികതയുടെയും അടിമകളായിത്തീരുന്നു. അങ്ങനെ ജീവിതം ശരീരത്തിനുവേണ്ടി മാത്രവും ജീവിതത്തിന്റെ പ്രേരകം തനിഭൗതിക മാനങ്ങളുമായിത്തീരുമ്പോൾ ഭോഗങ്ങൾക്കും വിഭവങ്ങൾക്കും വേണ്ടി മത്സരമുണ്ടാകുന്നു. നെറികെട്ട രീതിയിൽ സ്വന്തമാക്കൽ പ്രവണത വളരുന്നു. അങ്ങനെ കൈയൂക്കുള്ളവന്റെ അധീശത്വവുമുണ്ടാകുന്നു.

### ഭൗതികത-ധാർമികത ദ്വന്ദ്വം, ഖുർആന്റെ ചരിത്ര സമീപനം

സകല നൈതിക മൂല്യങ്ങളെയും തകർക്കുന്ന മത്സരവും അധീശത്വവും മനുഷ്യജീവിതത്തിൽ മേൽകീഴ് വ്യവസ്ഥ സൃഷ്ടിക്കുന്നു. ഈയവസരത്തിൽ ആസക്തിക്കും ഭൗതികതക്കുമെതിരെ ധാർമിക മൂല്യങ്ങളുയർത്തിപ്പിടിച്ച് രംഗപ്രവേശം ചെയ്യുന്ന പ്രവാചകന്മാർ വലിയ സാമൂഹിക പരിവർത്തനങ്ങൾക്ക് ശ്രമിക്കുന്നതിന്റെ ചരിത്രം ഖുർആൻ വിവരിക്കുന്നു. ഖുർആന്റെ പാഠമനുസരിച്ച് ചരിത്രം ഭൗതികതയും ധാർമികതയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ആഖ്യാനമാണ്. മനുഷ്യവംശത്തിന്റെ ആരംഭത്തിൽ ആദമിന്റെ മനോമണ്ഡലത്തിൽ ഈ ഏറ്റുമുട്ടൽ നടന്നു. ശേഷം സമൂഹത്തിൽ ഹാബീലിന്റേയും ഖാബീലിന്റേയും മൂല്യവിചാരങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുണ്ടായി. ചിലപ്പോൾ ഭൗതികമായി കൂടുതൽ അതിജീവിനശേഷി നേടുന്ന ഭൗതികത (പൈശാചികത) വിജയം നേടുന്നതായി കാണാമെങ്കിലും ഖുർആൻ ഉദ്ഘോഷിക്കുന്നതും പ്രവചിക്കുന്നതും ധാർമികതയുടെ (ദൈവികത, മാനുഷികത) ആത്യന്തിക വിജയത്തെയാകുന്നു. ജനജീവിതത്തിന്റെ പരമാധികാരം കൈപ്പിടിയിലൊതുക്കുന്ന സ്വേഛാധിപതികളും അന്യായമായി വിഭവങ്ങൾ കൈയടക്കുന്ന പ്രഭുക്കന്മാരും മനുഷ്യരെ അടിമകളാക്കുകയും മാനുഷികമായ മൂല്യങ്ങളെയും അടിച്ചമർത്തപ്പെട്ടവരുടെ ചോദനകളെയും ചങ്ങലക്കിടുകയും ചെയ്യുന്ന ഉടമകളും ഇവർക്കെല്ലാം അരു നിന്ന് ധർമത്തിനും നീതിക്കുമായുള്ള ജനപോരാട്ടം അസാധ്യമാകുംവിധം ജനതയെ അനുഷ്ഠാനങ്ങളുടെയും മാമൂലുകളുടെയും യാന്ത്രിക വിധിവിശ്വാസത്തിന്റെയും ജാതി വർണ സമ്പ്രദായങ്ങളുടെയും തടവിലാക്കി ഷണ്ഡീകരിക്കുന്ന മത പൗരോഹിത്യവുമെല്ലാം ഏറ്റുമുട്ടലിൽ ഭൗതികതയുടെ പക്ഷത്തു നിൽക്കുന്നു. ഇവർക്കെതിരെ ഇരകളുടെയും നീതിയുടെയും പക്ഷത്തായിരുന്നു പ്രവാചകന്മാർ നിലയുറപ്പിച്ചത്.

ഖുർആൻ അധഃസ്ഥിതന്റെ വിജയത്തെയും വിമോചനത്തെയും പ്രവചിക്കുന്നു. അധീശശക്തികളുടെ ദുരാചാരത്തെ വിമർശിക്കുകയും ചെയ്യുന്നു. ഈ രൂപത്തിൽതന്നെ അത് ചരിത്രത്തോടുള്ള അതിന്റെ സമീപനത്തെയും രൂപപ്പെടുത്തുന്നു. 'അടിച്ചമർത്തപ്പെട്ടിരുന്ന ജനതയെ നാം നമ്മുടെ അനുഗ്രഹങ്ങളാൽ ആ ദേശത്തിന്റെ പൂർവപശ്ചിമ ദിക്കുകളുടെ അവകാശികളാക്കുകയും ചെയ്തു'

(*അൽ അഅ്റാഫ്* 137). ധിക്കാരിയായ സ്വേഛാധിപതിയെയും പീഡിതജനതയെയും അവരുമായി ബന്ധപ്പെട്ട് ചരിത്രത്തിന്റെ ഗതിയെയും വിവരിക്കുന്ന ഖുർആൻ എക്കാലത്തെയും പ്രകൃതിനിയമവും ഖണ്ഡിത വിധിയുമായി ഇങ്ങനെ പ്രഖ്യാപിക്കുന്നു. 'എന്നാൽ നാം ഉദ്ദേശിക്കുന്നതോ, ഭൂമിയിൽ അടിച്ചമർത്തപ്പെട്ട ഈ വിഭാഗത്തോട് ഔദാര്യം കാണിക്കാനും അവരെ നായകന്മാരും അനന്തരാവകാശികളുമാക്കാനും അവർക്ക് ഭൂമിയിൽ അധികാരം നൽകാനും അങ്ങനെ (ഏകാധിപതിയായ) ഫറോവയും ഹാമാനും അവരുടെ സൈന്യങ്ങളും തങ്ങൾ അടിച്ചമർത്തിയവരിൽനിന്ന് ഭയപ്പെട്ട തിരിച്ചടി യാഥാർഥ്യമാക്കിക്കാണിക്കാനുമാകുന്നു.' (*അൽ ഖസസ്* 5, 6) ഈ സൂക്തം പീഡിതരായ ജനതയുടെ എന്നതോടൊപ്പം നന്മയും ആദർശബോധവുമുള്ള സമൂഹത്തിന്റെ വിജയവും പ്രഖ്യാപിക്കുന്നു. 'ഉദ്ബോധനത്തിനുശേഷം നാം സബൂറിൽ ഇങ്ങനെ രേഖപ്പെടുത്തി. എന്റെ ദാസന്മാരിൽ സജ്ജനങ്ങളായ ആളുകളത്രെ ഭൂമിയുടെ യഥാർഥ അവകാശികളാവുക' (*അൽ അഅ്റാഫ്* 105). നീതിക്കും വിമോചനത്തിനുമുള്ള സമരങ്ങളെ പിന്തുണക്കുന്ന ചരിത്രദർശനമാണ് ഖുർആൻ അവതരിപ്പിക്കുന്നതെന്നു വ്യക്തം. ഇതിലൂടെ അധിനിവേശത്തിനെതിരായ പോരാട്ടത്തിന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

മുകളിൽ സബൂർ എന്ന മുൻകാല വേദത്തെ പരാമർശിച്ചതിലൂടെ സകലകാലങ്ങളിലും വേദങ്ങളുടെയും പ്രവാചകന്മാരുടേയും നിലപാട് ഇതുതന്നെയാണെന്നുറപ്പിക്കുന്നുണ്ട് ഖുർആൻ. യഥാർഥത്തിൽ പൂർവ്വ പ്രവാചകന്മാരുടെ ഇത്തരത്തിലുള്ള പാഠങ്ങളുടെ ശേഷിപ്പുകൾ ഇന്നും കാണാവുന്നതാണ്. 'അവൻ ഉയരത്തിൽ പാർക്കുന്നവരെ, ഉന്നത നഗരത്തെത്തന്നെയും താഴ്ത്തി നിലംപരിശാക്കി പൊടിയിൽ തള്ളിക്കളഞ്ഞു. അങ്ങനെ ദരിദ്രരുടെ കാൽക്കീഴിൽ പാവങ്ങളുടെ ചവിട്ടടിയിൽ അത് ചവിട്ടിമെതിക്കപ്പെടുന്നു' (*യെശയ്യാവ്* 26: 5,6).

ആസക്തരുടെ കൊള്ളയെയും ധൂർത്തിനെയും പ്രവാചകന്മാരും വേദങ്ങളും ശക്തിയായി വിമർശിക്കുകയും നാശങ്ങളെക്കുറിച്ച മുന്നറിയിപ്പു കൊടുക്കുകയും ചെയ്യുന്നു. 'ഞങ്ങൾ മാത്രം ദേശമധ്യേ പാർക്കത്തക്ക വിധവും മറ്റാർക്കും സ്ഥലമില്ലാതാകുവോളവും വീടിനോട് വീടുചേർക്കുകയും വയലിനോട് വയൽ കൂട്ടുകയും ചെയ്യുന്ന നിങ്ങൾക്ക് മഹാനാശം. സൈന്യങ്ങളുടെ കർത്താവ് ഇങ്ങനെ ശപഥം ചെയ്തിട്ടുണ്ട്: നിശ്ചയം, വലിയതും നല്ലതുമായ പലവീടുകളും ആൾപാർപ്പില്ലാതെ ശൂന്യമായിപ്പോകും' (*യെശയ്യാവ്* 5:8-12). ധൂർത്തരും കടന്നുകയറ്റക്കാരുമായ നേതാക്കളുടെ മനുഷ്യ ഗോത്രങ്ങളെപ്പറ്റി ഖുർആൻ പറയുന്നതും ഇതുതന്നെ. ആദ് സമൂഹത്തിലെ പ്രമാണിമാരോട് പ്രവാചകൻ ഹൂദ് പറഞ്ഞു: 'ഉയർന്ന സ്ഥലങ്ങളിലൊക്കയും അനാവശ്യമായി സ്മാരക സൗധങ്ങൾ പണിയുകയും അനന്തകാലം പാർക്കാനുള്ളതുപോലെ ഗംഭീരമായ കൊട്ടാരങ്ങൾ നിർമിക്കുകയുമാണോ നിങ്ങൾ? ആരെയെങ്കിലും ഉപദ്രവിക്കുമ്പോൾ കഠിനമായിത്തന്നെ ഉപദ്രവിക്കുകയും ചെയ്യുകയോ? (*അശ്ശുഅറാഅ്*: 128-130). ഥമൂദ് ഗോത്രപ്രമുഖരോട് ഒരു മുന്നറിയിപ്പിന്റെ സ്വരത്തിൽ സ്വാലിഹ് പ്രവാചകൻ ചോദിക്കുന്നതിങ്ങനെ: ഇവിടെയുള്ള ഈ സൗകര്യങ്ങളിൽ എന്നും നിർഭയരായി കഴിഞ്ഞുകൂടാമെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? ഈ ഉദ്യാനങ്ങളിൽ, അരുവികളിൽ, വയലുകളിൽ, പാകമായ കുലകൾ നിറഞ്ഞ ഈത്തപ്പഴത്തോട്ടങ്ങളിൽ? നിങ്ങൾ പർവതങ്ങൾ തുരന്ന് ആർഭാട പ്രമത്തരായി വീടുകൾ നിർമിക്കുകയോ? (*അശ്ശുഅറാഅ്*: 146-149). വലിയതും നല്ലതും അനാവശ്യവുമായ വീടുകൾ ആൾപാർപ്പില്ലാതെ ശൂന്യമാകത്തക്കവണ്ണം തന്നെയാണ് അല്ലാഹു ചരിത്രത്തെ മുമ്പോട്ടു നയിച്ചത്. സമൂഹങ്ങളുടെ ഉത്ഥാനപതനങ്ങളുടെ ചരിത്രത്തെ ഖുർആൻ ഇവ്വിധം അപഗ്രഥിക്കുമ്പോൾ ഇവിടെയെല്ലാം നീതിരഹിതമായ മത്സരത്തെയും ജനതകൾക്കുമേൽ നടത്തുന്ന അധിനിവേശത്തെയും അങ്ങനെ ഭൂമിയുടെയും ജീവിതത്തിന്റെയും ധാർമികമായ ക്രമത്തെ അട്ടിമറിക്കുന്നതിനെയുമൊക്കെയാണ് നാശത്തിന് ഹേതുകങ്ങളായി ചൂണ്ടിക്കാട്ടുന്നത്. ഖുർആന്റെ ചരിത്ര വിശകലനം ആദ് ഗോത്രത്തെ വിചാരണ ചെയ്യുന്നേടത്ത് നിങ്ങൾ ആരെയെങ്കിലും ഉപദ്രവിക്കുമ്പോൾ കഠിനമായിത്തന്നെ ഉപദ്രവിക്കുന്നുവെന്നും ഫറോവയെപ്പറ്റി നിശ്ചയമായും ഫറോവ ഭൂമിയിൽ ഞെളിഞ്ഞുനടക്കുകയും ഭൂവാസികളെ തടവുകാരാക്കുകയും ഒരു വിഭാഗത്തെ അടിച്ചമർത്തുകയും ചെയ്തു എന്നും പറയുന്നത് ശ്രദ്ധിക്കുക. അധഃസ്ഥിതരുടെയും ആദർശവാന്മാരുടെയും വിജയത്തെക്കുറിച്ച സുവാർത്ത അറിയിക്കുകയും ചെയ്യുന്നു. എന്നാൽ അടിച്ചമർത്തപ്പെടുന്ന ജനത തന്നെ രാജിയാവുകയും അധീശത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും കുതന്ത്രങ്ങൾക്കു വഴങ്ങി സ്വയം ഷണ്ഡീകരിക്കുകയും ചെയ്യുന്നതോടെ മർദ്ദകരുടെ വിധിതന്നെ ചരിത്രം അവർക്കും നൽകുന്നു. നിങ്ങളിൽ ദ്രോഹം പ്രവർത്തിക്കുന്നവരെ മാത്രമായല്ലാതെ ബാധിച്ചേക്കാവുന്ന ദുരന്തങ്ങളെ നിങ്ങൾ സൂക്ഷിക്കുവിൻ ( *അൽ അൻഫാൽ*). ഒരുവിഭാഗം അധികാരം കൈയടക്കുകയും സമൂഹം അവരുടെ അധർമങ്ങൾക്കുനേരെ കണ്ണടക്കുകയും ചെയ്യുന്നതോടെ ആ സമൂഹത്തിന്റെ നാശത്തിന്റെ വഴി തുറക്കപ്പെടുന്നു. ഒരു നാടിനെ നാം നശിപ്പിക്കാനുദ്ദേശിച്ചാൽ അതിലെ സുഖലോലുപരെ അധികാരികളാക്കുന്നു. അവർ ധിക്കാരം പ്രവർത്തിക്കുകയും അങ്ങനെ നമ്മുടെ കൽപ്പന അവരിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നതോടൊപ്പം അതിനെ നാം തകർത്തുകളയുന്നു (*അൽ ഇസ്റാഅ്*).

## നീതിക്കുവേണ്ടിയുള്ള സമരങ്ങൾ; സാമൂഹിക ബന്ധങ്ങൾ

നീതിക്കും വിമോചനത്തിനും വേണ്ടിയുള്ള പോരാട്ടത്തെ മനുഷ്യന്റെ ദൈവവിശ്വാസവും ധാർമിക ബോധവുമായി ബന്ധപ്പെട്ട ഒരനിവാര്യതയായി ഇസ്‌ലാം കാണുന്നു. ഇസ്‌ലാമിനെ അതിന്റെ യഥാർഥ മുഖമുൾക്കൊണ്ടുകൊണ്ട് ജീവിതവുമായി ബന്ധപ്പെട്ട സകല കാര്യങ്ങളിലും ശരിയായ മാർഗദർശനം എന്ന നിലയിൽ സമീപിക്കുകയാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചെയ്യുന്നത്. ജമാലുദ്ദീൻ അഫ്ഗാനി, അബുൽഅഅ്‌ലാ മൗദൂദി, ഹസനുൽ ബന്ന, സയ്യിദ് ഖുത്വുബ് തുടങ്ങിയ ഇസ്‌ലാമിക പ്രസ്ഥാന നായകന്മാരും ചിന്തകന്മാരുമൊക്കെ ഈയടിസ്ഥാനത്തിൽ ഇസ്‌ലാമിനെ ഉൾക്കൊള്ളുകയും പഠിപ്പിക്കുകയും ചെയ്തു. ഈ നിലപാടിൽ നിന്നുകൊണ്ടുതന്നെ ഭൗതിക ചിന്തകളെയും ഭൗതികവാദദർശനങ്ങളെയും മതങ്ങളേയുമൊക്കെ വിശകലനം ചെയ്യാനും അവർ ശ്രമിച്ചു.


ജീവിതത്തെയും പരസ്പരബന്ധങ്ങളെയും കുറിച്ച മൂല്യവത്തായ

> **ഇസ്‌ലാമിനെ അതിന്റെ യഥാർഥ മുഖമുൾക്കൊണ്ടുകൊണ്ട് ജീവിതവുമായി ബന്ധപ്പെട്ട സകല കാര്യങ്ങളിലും ശരിയായ മാർഗദർശനം എന്ന നിലയിൽ സമീപിക്കുകയാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചെയ്യുന്നത്. ജമാലുദ്ദീൻ അഫ്ഗാനി, ഹസനുൽ ബന്ന, അബുൽഅഅ്‌ലാ മൗദൂദി, സയ്യിദ് ഖുത്വുബ് തുടങ്ങിയ ഇസ്‌ലാമിക പ്രസ്ഥാന നായകന്മാരും ചിന്തകന്മാരുമൊക്കെ ഈയടിസ്ഥാനത്തിൽ ഇസ്‌ലാമിനെ ഉൾക്കൊള്ളുകയും പഠിപ്പിക്കുകയും ചെയ്തു**









വിചാരങ്ങൾ ഇസ്‌ലാം സമർപ്പിക്കുന്നു. ഉൽപാദനബന്ധങ്ങളുടെയും സാമൂഹിക ബന്ധങ്ങളുടെയും കാര്യത്തിൽ ഇത് ബാധകമാണ്. ജീവിതത്തെയും ദർശനത്തെയും സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം രൂപപ്പെടുത്തുകയും ബന്ധങ്ങളെ ഉൽപാദനബന്ധങ്ങളായി മാത്രം പരിഗണിക്കുകയുമല്ല ഇസ്‌ലാം ചെയ്യുന്നത്. എന്നാൽ ഇസ്‌ലാമിന്റെ സദാചാര ദർശനം സാമൂഹികബന്ധങ്ങൾക്കെന്ന പോലെ ഉൽപാദനബന്ധങ്ങൾക്കും ബാധകവുമാണ്. ബന്ധങ്ങളിലെ സദാചാരവും വ്യക്തികളുടെ അന്തസ്സും (മനുഷ്യ സമൂഹത്തിലെ ഓരോ വ്യക്തിയേയും അന്തസ്സും ഔന്നത്യവുമുള്ളവനായി ഖുർആൻ കാണുന്നു). അംഗീകരിക്കപ്പെടുന്നേടത്ത് ചൂഷണവും അധിനിവേശവും ഇല്ലാതാവും. അന്യായ ബന്ധങ്ങളെ അഴിക്കലും പീഡിതരെ സ്വതന്ത്രരായി വിട്ടയക്കലും സകല നുകത്തെയും തകർക്കലുമാണ് ശ്രേഷ്ഠമായ ഉപവാസമെന്ന് യേശു പഠിപ്പിക്കുന്നുണ്ട്. അല്ലാഹു ചേർക്കാനാജ്ഞാപിച്ച ബന്ധങ്ങളെ തകർക്കുന്നവനാണക്രമി എന്ന സൂക്തം വിശദീകരിക്കുന്നേടത്ത് മൗലാനാ മൗദൂദി സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. മനുഷ്യന്റെ സാമൂഹ്യവും വ്യക്തിപരവുമായ ജീവിതവിജയം എതെല്ലാം ബന്ധങ്ങളുടെ നിലനിൽപ്പിനെയും ഭദ്രതയെയും ആശ്രയിച്ചിരിക്കുന്നുവോ അതിനെയെല്ലാം തകർക്കുന്നവരാണ് അക്രമികൾ. രണ്ടു വ്യക്തികൾ തമ്മിൽ എന്നതുമുതൽ രാഷ്ട്രാന്തരീയവും സാർവലൗകികവുമായ തലത്തോളം വ്യാപിക്കുന്ന മനുഷ്യന്റെ സദാചാരപരവും നാഗരികവുമായ സകല പ്രശ്നങ്ങളെയും ഖുർആന്റെ ഈ പരാമർശം ഉൾക്കൊള്ളുന്നു. മാനുഷിക ബന്ധങ്ങളുടെ ന്യായവും അനുവദനീയവുമായ രൂപമൊഴിച്ച് മറ്റു രീതിയിൽ ബന്ധങ്ങളെ പരിഗണിക്കുന്നതും ഇതിനാൽ അക്രമമാണെന്നുവരുന്നു. ഈ രൂപത്തിൽ മൗലാനാ മൗദൂദി നൽകുന്ന വിശദീകരണം (*തഫ്ഹീമുൽ ഖുർആൻ* വാല്യം 1, സൂറഃ *അൽ ബഖറ* 32-ാം കുറിപ്പ്) ഉൽപാദനം, സാമ്പത്തിക തലങ്ങളിലായാലും സാമൂഹ്യതലങ്ങളിലായാലും അനീതിപൂർവകവും അന്യായവുമായ ബന്ധങ്ങളെ നിരാകരിക്കുന്നുണ്ട്.

യന്ത്രവിപ്ലവവും തുടർന്നുണ്ടായ വ്യാവസായികമായ ഉണർവുമാണല്ലോ ആധുനിക മുതലാളിത്തത്തിന്റെ മുഖ്യമായ നിമിത്തങ്ങൾ. ഇസ്‌ലാം വിഭാവനം ചെയ്യുന്ന വിധത്തിലുള്ള ഉൽപാദന, സാമൂഹിക ബന്ധങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിലാണ് ഇപ്പറഞ്ഞ വ്യവസായിക വിപ്ലവമുണ്ടായതെങ്കിൽ അതിന്റെ വളർച്ച ഏതുരൂപത്തിലായിരിക്കുമെന്നതിനെപ്പറ്റി മുഹമ്മദ് ഖുത്വുബ് ഒരു ഭാവന അവതരിപ്പിക്കുന്നുണ്ട് *തെറ്റിദ്ധരിക്കപ്പെട്ട മതം* എന്ന തന്റെ പുസ്തകത്തിൽ. മുതലാളിത്തം ഒരു പ്രകൃതി ക്രമമോ, ചരിത്രത്തിലെ ഒരനിവാര്യതയോ ആണെന്ന വാദങ്ങളെ അദ്ദേഹം അംഗീകരിക്കുന്നില്ല. യഥാർഥത്തിൽ മുതലാളിത്തവും സാമ്രാജ്യത്വവും മനുഷ്യചരിത്രത്തിലെ സ്വാഭാവികമായ അനിവാര്യ സന്ദർഭങ്ങളേയല്ല. ഉത്തമമായ ആദർശങ്ങൾക്കും സനാതന ധാർമിക മൂല്യങ്ങൾക്കും മാത്രമേ മുതലാളിത്തം പോലെ മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമായ ഏതൊന്നിനെയും തടയാൻ പറ്റൂ. കുറഞ്ഞകൂലിക്ക് കൂടുതൽ വിയർപ്പൊഴുക്കാൻ നിർബന്ധിതരാവുന്ന വൻഭൂരിപക്ഷത്തെയാണ് യൂറോപ്പിലെ വ്യവസായശാലകൾ സൃഷ്ടിച്ചത്. അവിടെനിന്നുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് യഥാർഥ ഉൽപാദകരായ ഈ ഭൂരിപക്ഷത്തിന് ശേഷിയില്ലായിരുന്നു. അങ്ങനെ കൂടുതൽ വിശാലമായ കമ്പോളങ്ങളുണ്ടാക്കാൻ മുതലാളിത്തം നിർബന്ധിതമായി. ഉൽപാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളും കുറഞ്ഞ ചെലവിൽ അതിന് ശേഖരിക്കേണ്ടതുണ്ടായിരുന്നു. ഇതൊക്കെയും സാമ്രാജ്യ വികസനത്തിന് പ്രേരണയായി. ഇങ്ങനെയാണ് വ്യാപകമായ അധിനി

വേശങ്ങളും സാമ്രാജ്യത്വവും രൂപപ്പെട്ടത്.

എന്നാൽ ബന്ധങ്ങളെയും അവകാശ ബാധ്യതകളെയും ഇസ്‌ലാമിക ദർശനം മുകളിൽ സൂചിപ്പിച്ചതുപോലെ ഒരു ഭാഗത്ത് ധാർമികോൽബോധനം വഴിയും മറുഭാഗത്ത് അവകാശലംഘനത്തിനെതിരായ, കർക്കശമായ നിയമങ്ങൾ വഴിയും കൃത്യപ്പെടുത്തുന്നുണ്ട്. മുതലുടമ, തൊഴിലാളി എന്നത് സമരത്തിലും സംഘർഷത്തിലുമേർപ്പെടുന്ന രണ്ടു വർഗങ്ങളായിത്തീരുന്നത് പടിഞ്ഞാറൻ മുതലാളിത്തത്തിന്റെ പശ്ചാത്തലത്തിൽ മാത്രമാണ്. ഇസ്‌ലാമിൽ അത് പരസ്പര പൂരകമായി വർത്തിക്കുന്ന ബന്ധങ്ങളായിത്തീരുന്നു. മുതലുടമക്കൊപ്പം തൊഴിലാളിക്കും ആദായത്തിൽ പങ്കുവെക്കുന്നത് ഇസ്‌ലാം അംഗീകരിച്ച നിയമപരമായ അടിസ്ഥാനമാണ്. ആ പങ്ക് തുല്യമായിരിക്കണമെന്നാണ് മാലികീ മദ്ഹബിലെ ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. മൂലധനം സംഭരിക്കുന്നതിനായി മുതലുടമയും ഉൽപാദനം നടത്തുന്നതിന് തൊഴിലാളിയും അർപ്പിക്കുന്ന അധ്വാനം തുല്യമാണ്. ആ അടിസ്ഥാനത്തിൽ ലാഭത്തിൽ അവർ തുല്യ പങ്കാളികളായിത്തീരുന്നു (മുഹമ്മദ് ഖുത്വുബ്-*തെറ്റിദ്ധരിക്കപ്പെട്ട മതം*).

അമിത ചൂഷണത്തിന്റെയും കമ്പോളത്തിന്റെയും പ്രശ്നങ്ങളൊന്നും ഇവിടെ ഉത്ഭവിക്കാത്തതിനാൽ കേന്ദ്രീകരണവും സാമ്രാജ്യത്വവുമൊന്നും ഉണ്ടാവുന്നുമില്ല. യഥാർഥത്തിൽ പലിശയും പൂഴ്ത്തിവെപ്പും കൂടാതെ മുതലാളിത്തം നിലനിൽക്കുകയോ വികസിക്കുകയോ ചെയ്യുമായിരുന്നില്ല. ആധുനിക മുതലാളിത്തം ഉത്ഭവിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പേ ഇസ്‌ലാം രണ്ടും നിഷിദ്ധമാക്കിയിട്ടുണ്ട്.

## ഇസ്‌ലാമും മുതലാളിത്തവും



സ്വയമേവ, തികച്ചും സ്വാഭാവികമായിത്തന്നെ നൈതികതയും നീതിപൂർവകമായ ബന്ധങ്ങളും സ്ഥാപിക്കുന്ന ദർശനമാണ് ഇസ്‌ലാം. വർഗസംഘട്ടനങ്ങളുടെ ഫലമായിട്ടല്ല ഇസ്‌ലാമിൽ നീതി പുലരുന്നത്. എന്നാൽ യൂറോപ്പിൽ ആധുനിക മുതലാളിത്തം രംഗപ്രവേശം ചെയ്യുന്ന സമയത്ത് മുസ്‌ലിം ലോകം യൂറോപ്പിന്റെ അധീനതയിലായിരുന്നു. അജ്ഞതയും ദാരിദ്ര്യവും ബാധിച്ചിരുന്ന ആ സമൂഹത്തിന് മുതലാളിത്ത സാമ്രാജ്യത്വത്തെ താത്വികമായോ സൈനികമായോ എതിർക്കാനായില്ല. അക്കാരണത്താൽ രണ്ട് ദുരന്തങ്ങൾ സംഭവിച്ചു. ഒന്ന്, പുതിയ അധിനിവേശങ്ങളും താർത്താരികൾ മുതൽ നേരത്തെയുണ്ടായിട്ടുള്ള ആക്രമണങ്ങളും സ്വസമൂഹത്തിലെതന്നെ അധികാരമോഹികളുടെ അടിച്ചമർത്തലും പൗരോഹിത്യ ദുശ്ശാഠ്യങ്ങളും നിമിത്തം ഇസ്‌ലാമിക കർമശാസ്ത്രം അതിലെ ഗവേഷണങ്ങളും പഠനങ്ങളുമെല്ലാം നിലച്ച് നിശ്ചലമായിപ്പോയി. രണ്ട്, ഇസ്‌ലാം മുതലാളിത്തത്തിന് അനുകൂലമാണെന്ന ധാരണ സൃഷ്ടിക്കപ്പെട്ടു. മാർക്സിസത്തിന്റെ പൊതുവായ ചരിത്ര ബോധമനുസരിച്ച് അധ്വാനിക്കുന്നവനും അധ്വാനഫലമുണ്ണുന്നവനും തമ്മിലുള്ള സംഘർഷത്തിൽ (ഈ വേർതിരിവ് അധ്വാനിക്കുന്നവനെ അതിന്റെ ഫലമനുഭവിക്കാനനുവദിക്കാത്ത പാശ്ചാത്യ ഭൗതിക സമൂഹത്തിലുണ്ടായതാണ്) മതം അധ്വാനഫലമുണ്ണുന്നവന്റെ കൂടെയാണ്. സാരമായ വൈകല്യമുള്ള ഈ ബോധം വെച്ചുകൊണ്ട് ഇസ്‌ലാം ഏറ്റവുമധികം ആക്ഷേപിക്കപ്പെടാനുമിടയായി.

വ്യക്തിയുടെ അതിരില്ലാത്ത സ്വാതന്ത്ര്യത്തെ ആധാരമാക്കുന്ന ദർശനമാണ് മുതലാളിത്തം. ഏത് മൂല്യത്തേയും ബലികഴിക്കാൻ അത് വ്യക്തിക്കനുവാദം നൽകുന്നു. ഇക്കാര്യത്തിൽ ശക്തമായ നിയന്ത്രണവും ശരിയായ സന്തുലനവും കൈവരുത്തുകയാണ് ഇസ്‌ലാം. വ്യക്തിയുടെ ചോദനകളെയും അഭിനിവേശങ്ങളെയും ഇസ്‌ലാം ഒരിക്കലും അടിച്ചമർത്തുന്നില്ല. ധാർമിക പരിധികൾ പാലിച്ചുള്ള അവയുടെ വികാസത്തിന് അവസരം നൽകുന്നു. വ്യക്തികളുടെ, ധർമബോധത്തിന്റെയും നിയന്ത്രണത്തിന്റെയും അടിത്തറയുള്ള അഭിനിവേശങ്ങളാണ് സമൂഹത്തിന്റെ വളർച്ചക്ക് നിദാനമാകുന്നത്. വ്യക്തികളുടെ വികാസമെന്നാൽ സമൂഹത്തിന്റെതന്നെ വികാസമായിത്തീരുമാറ് വ്യക്തികളും സമൂഹവും തമ്മിലുള്ള ബന്ധത്തെ ഇസ്‌ലാം ക്രമപ്പെടുത്തുന്നു. ഈ ബന്ധത്തെ തകർക്കുന്നവിധത്തിൽ വളരാൻ ഒരിക്കലും ആരെയും അതനുവദിക്കുന്നുമില്ല. അഥവാ കേവലസ്വാർഥത്തെ അത് ബന്ധിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും വികാസത്തിനും നീതിയെയും സദാചാരത്തെയും സാമൂഹിക പ്രതിബദ്ധതയെയും മാനദണ്ഡങ്ങളാക്കുകയും ചെയ്യുന്നു.

സമൂഹനന്മക്കും ലോക സമാധാനത്തിനും വേണ്ടിയാണ് വ്യക്തിയെ

**വ്യക്തികളുടെ വികാസമെന്നാൽ സമൂഹത്തിന്റെതന്നെ വികാസമായിത്തീരുമാറ് വ്യക്തികളും സമൂഹവും തമ്മിലുള്ള ബന്ധത്തെ ഇസ്‌ലാം ക്രമപ്പെടുത്തുന്നു. ഈ ബന്ധത്തെ തകർക്കുന്നവിധത്തിൽ വളരാൻ ഒരിക്കലും ആരെയും അതനുവദിക്കുന്നുമില്ല. അഥവാ കേവലസ്വാർഥത്തെ അത് ബന്ധിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും വികാസത്തിനും നീതിയെയും സദാചാരത്തെയും സാമൂഹിക പ്രതിബദ്ധതയെയും മാനദണ്ഡങ്ങളാക്കുകയും ചെയ്യുന്നു**

ഇസ്‌ലാം വളർത്തുന്നത്. ശ്രേഷ്ഠമായ മനുഷ്യൻ ഭദ്രമായ സമൂഹത്തിന് വേണ്ടിയാണെന്നതാണ് കങ്ഫ്യൂഷിസിന്റെ മതം. വ്യക്തിയുടെ അറിവ്, ചോദനകൾ, സംസ്കാരം എന്നു തുടങ്ങി ചിട്ടയുള്ള കുടുംബം, ക്രമവും ഭദ്രതയുമുള്ള സമൂഹം, ഉത്തമ രാഷ്ട്ര സംവിധാനം, ലോകസമാധാനം എന്നിങ്ങനെ വികസിക്കുന്ന ദർശനമാണ് അദ്ദേഹത്തിന്റേത്. ഈ രീതിയിൽതന്നെയാണ് വേദഗ്രന്ഥത്തിന്റെയും സമീപനം. വ്യക്തികളുടെ വികാസങ്ങളെയും അഭിരുചികളെയും പരിഗണിച്ചുകൊണ്ടുതന്നെ അവനെ വളർത്തുന്നതിന് അത് ആഹ്വാനം ചെയ്യുന്നു. ആ വളർച്ച സമൂഹത്തിനുവേണ്ടിയെന്നു വരുന്നതോടെ അവൻ സ്വാർഥമുക്തനാവുകയും ചെയ്യുന്നു.

യാതൊരു നിയന്ത്രണവും ബാധകമല്ലാത്തേടത്ത് മനുഷ്യൻ ആസക്തിക്കടിപ്പെട്ട് തന്നിലേക്കും തന്റെ സുഖാനുഭവത്തിലേക്കും മാത്രം ചുരുങ്ങുന്നേടത്താണ് ആസുരതയുടെ ദർശനങ്ങളുണ്ടാവുന്നത്. ഭൗതികതയും ധാർമികതയും തമ്മിലുള്ള ഏറ്റുമുട്ടലിൽ ജീവിതത്തിന്റെ പരമാധികാരം ഭൗതികത കൈവശപ്പെടുത്തുന്നതോടെ യഥാർഥ മതത്തിന്റെയും ധാർമികമൂല്യങ്ങളുടേയും സ്വാധീനം ദുർബലമാകുന്നു. ഈ ദൗർബല്യമാണ് ആധുനിക മുതലാളിത്തത്തിനും സാമ്രാജ്യത്വ ലോകക്രമത്തിനുമെല്ലാം അനുകൂല സാഹചര്യമാകുന്നത്. ദുരയും ചൂഷണവും ഭൗതികതയുടെ സ്വാഭാവിക ഫലങ്ങളാകുന്നു.

മനുഷ്യാസ്തിത്വത്തിന് ഖുർആൻ നൽകിയ ആദരവ്, സാമൂഹികബന്ധങ്ങൾക്ക് കൽപ്പിച്ച പവിത്രത, മനുഷ്യസമത്വമെന്ന ആശയത്തിനു നൽകിയ ആധ്യാത്മിക പ്രാധാന്യം തുടങ്ങിയവ മുതലാളിത്തം ഉൾപ്പെടെ ഏത് സ്വാർഥ ദർശനത്തിനും എതിരുനിൽക്കുന്നതാണ്.

വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും മാത്രമല്ല, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധവും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മുന്നോട്ടുവെക്കുന്ന ആശയങ്ങളിൽപ്പെടും. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സഹവർത്തിത്വം ഖുർആൻ ശക്തിയായി അടിവരയിടുന്ന ആശയമാകുന്നു. ഇതുമായി ബന്ധപ്പെട്ട ചില വിശകലനങ്ങൾ സയ്യിദ് ഖുത്ബിന്റെ *ഖുർആന്റെ തണലിൽ*, *ഇസ്‌ലാമിലെ സാമൂഹികനീതി* എന്നീ പുസ്തകങ്ങളിൽ കാണാം.

### ധാർമികതയിലൂന്നുന്ന സാമൂഹികത

പ്രവാചക പാഠങ്ങൾകൊണ്ട് സൃഷ്ടിച്ചെടുക്കേണ്ടതായ സാമൂഹികതയെപ്പറ്റി ആധുനിക ഇസ്‌ലാമിക പ്രസ്ഥാനചിന്തകന്മാർ ശരിയായ കാഴ്ചപ്പാടുകൾ മുന്നോട്ടുവെച്ചിട്ടുണ്ട്. മുതലാളിത്തം കെട്ടഴിച്ചുവിടുന്ന സ്വാർഥത്തെയും ജീർണ്ണതകളെയും അന്തസ്സുള്ള സാമൂഹിക ജീവിതത്തിലൂടെ പ്രതിരോധിക്കാനാവുമെന്ന് അവർ സമർഥിക്കുന്നു. ശഹീദ് സയ്യിദ് ഖുത്വുബ് ആഫ്രിക്കയുടെ വടക്കൻ ഭാഗങ്ങളിൽ അധിവസിക്കുന്ന ത്വവാരീഖ് ഗോത്ര സമൂഹത്തെ ഇസ്‌ലാമിക സാമൂഹികതയുടെ മാതൃകയാക്കി *ഇസ്‌ലാമിലെ സാമൂഹികനീതി* എന്ന ഗ്രന്ഥത്തിലെ 'ചരിത്ര സത്യങ്ങളിലൂടെ' എന്ന അധ്യായത്തിൽ അവതരിപ്പിക്കുന്നുണ്ട്. അവരെപ്പറ്റി നേരിട്ടറിഞ്ഞെഴുതിയിട്ടുള്ള പ്രഫ. അബ്ദുർറഹ്മാൻ അസ്സാമിന്റെ *അൽരിസാലത്തുൽ ഖാലിദ* എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഭാഗം ഉദ്ധരിച്ചിരിക്കുന്നു അദ്ദേഹം. ഈ ഗോത്രസമൂഹത്തിൽ എല്ലാവരും എല്ലാവർക്കും വേണ്ടി ജീവിക്കുന്നു. നന്മയിലും സഹകരണത്തിലും പരസ്പര സംരക്ഷണത്തിലുമധിഷ്ഠിതമായ ജീവിതം നയിക്കുന്ന ഇവർ ഇതര സമൂഹങ്ങളെയും ഇതേ ആദരവോടെ പരിഗണിക്കുന്നു. പടിഞ്ഞാറൻ ജീവിത വീക്ഷണത്തിൽനിന്ന് വളരെ അകലെയായതിനാൽ സനാതന ധർമമൂല്യങ്ങൾ പരിരക്ഷിക്കാൻ അവർക്കു കഴിയുന്നു.

ഇത്തരമൊരു സാമൂഹികത മുതലാളിത്ത സമൂഹത്തിന് അന്യമാകുന്നു. മനുഷ്യൻ തന്റെ സഹജീവിയോടു പുലർത്തുന്ന അകൽച്ചയും നിരുത്തരവാദിത്തവും സ്ഥാപനവൽക്കരിച്ച വ്യവസ്ഥയാകുന്നു മുതലാളിത്തം. ■

(തുടരും)